REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-04-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- പഹൽഗാം ഭീകരാക്രമണത്തിന്റെ അന്വേഷണം ആഭ്യന്തര മന്ത്രാലയം ദേശീയ അന്വേഷണ ഏജൻസിയ്ക്ക് കൈമാറി.
- കേന്ദ്രത്തിന്റെ ആരോഗ്യ പരിരക്ഷാ നയങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വേണ്ടിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്ര മന്ത്രി J.P നദ്ദ
- പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലെ പ്രതിമാസ മൻ കി ബാത് പരിപാടിയിൽ രാവിലെ 11-ന് ജനങ്ങളുമായി ചിന്തകൾ പങ്കുവെയ്ക്കും.
- BJP യുടെ വികസിത കേരളം കൺവൻഷൻ ഇന്ന് കോഴിക്കോട്ട്.
- വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തിന്റെ അന്വേഷണം ആഭ്യന്തര മന്ത്രാലയം ദേശീയ അന്വേഷണ ഏജൻസിയ്ക്ക് കൈമാറി. ഏജൻസി ഔപചാരിക അന്വേഷണം ഉടൻ ആരംഭിക്കുമെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു. നേരത്തെ ഭീകരാക്രമണമുണ്ടായ സ്ഥലം NIA സംഘം നേരിൽ സന്ദർശിച്ചിരുന്നു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്).....

പഹൽഗാം ഭീകരാക്രമണത്തിനെതിരെ കൂടുതൽ ലോകരാജ്യങ്ങൾ ഇന്ത്യയെ ഐക്യദാർഢ്യം അറിയിച്ചു കൊണ്ടിരിക്കുകയാണ്. ഇറാൻ പ്രസിഡണ്ട് മസൂദ് പെസെഷ്കിയാൻ ഭീകരാക്രമണത്തെ നിശിതമായി അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ടെലിഫോൺ സംഭാഷണം നടത്തി. UAE പ്രസിഡണ്ട് മുഹമ്മദ് ബിൻ സയെദ് അൽ നഹ്യാനും ഭീകരാക്രമണത്തെ അപലപിച്ച് ഇന്ത്യയെ ഐക്യദാർഢ്യം അറിയിച്ചു.

പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് വിസ റദ്ദാക്കിയ പാകിസ്ഥാൻ പൗരന്മാർക്ക് രാജ്യം വിടാൻ ഡൽഹി ഗവൺമെന്റ് മറ്റന്നാൾ വരെ സമയം അനുവദിച്ചു. നേരത്തെ ഇന്നലെ വരെയായിരുന്നു സമയപരിധി. ദേശീയ തലസ്ഥാന മേഖലയിൽ അനധികൃതമായി കഴിയുന്ന പാകിസ്ഥാൻക്കാരെ കുറിച്ച് തൊട്ടടുത്ത പൊലീസ് സ്റ്റേഷനിൽ വിവരമറിയിക്കണമെന്ന് ഡൽഹി ഭരണകൂടം അറിയിച്ചു.

✪✪✪

അഹിംസ ഇന്ത്യയുടെ മതവും, മൂല്യങ്ങളിലെ നിർണായക ഭാഗവുമാണെങ്കിലും, ശത്രുക്കളെയും, തെമ്മാടികളെയും പാഠം പഠിപ്പിക്കുന്നതും മതത്തിന്റെ ഉള്ളടക്കമാണെന്ന് RSS മേധാവി മോഹൻ ഭാഗവത് വ്യക്തമാക്കി. അന്യരെ അപായപ്പെടുത്താനോ, അനാദരിക്കാനോ ഒരിക്കലും ഇന്ത്യ തയ്യാറാവില്ല. എന്നാൽ തിന്മയുമായി രാജ്യത്തിനെതിരെ വരുന്നവരോട് ക്ഷമിക്കാനും കഴിയില്ലെന്ന് ന്യൂഡൽഹിയിൽ 'ദ-ഹിന്ദു മാനിഫെസ്റ്റോ ' എന്ന പുസ്തകം പ്രകാശനം ചെയ്യവെ ഭാഗവത് അറിയിച്ചു.

✪✪✪

കേന്ദ്രത്തിന്റെ ആരോഗ്യ പരിരക്ഷാ നയങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വേണ്ടിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്ര മന്ത്രി J.P നദ്ദ പറഞ്ഞു. ഇതിലൂടെ ആരോഗ്യകരമായ രാജ്യം സൃഷ്ടിക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

ആസന്നഭാവിയിൽ തന്നെ രാജ്യത്തുടനീളം ഒന്നേ മുക്കാൽ ലക്ഷത്തോളം ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ സ്ഥാപിക്കുമെന്ന് JP നദ്ദ പൂനെയിൽ പറഞ്ഞു. പൂനെയിൽ സിംബയോസിസ് യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിലെ നെഫ്രോളജി ആൻഡ് യൂറോളജി സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുമ്പ്, മെച്ചപ്പെട്ട മെഡിക്കൽ പഠനത്തിനായി വിദ്യാർത്ഥികൾക്ക് വിദേശത്തേക്ക് പോകേണ്ടി വന്നിരുന്നു. എന്നാൽ ഇന്ന് ഇന്ത്യയിൽ തന്നെ ലോകോത്തര പഠനസൗകര്യങ്ങൾ ലഭ്യമാണെന്ന് നദ്ദ വ്യക്തമാക്കി. മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിന് തടസ്സമായിരുന്ന സങ്കീർണ്ണ നിയന്ത്രണങ്ങൾ കേന്ദ്രം ഒഴിവാക്കിയിട്ടുണ്ടെന്നും നദ്ദ പറഞ്ഞു.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷൻ ചെയ്യുന്നതിന് നടപടി ക്രമങ്ങൾ അതിവേഗം പൂർത്തിയാകുന്നു. മെയ് രണ്ടിന് പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് തുറമുഖം രാജ്യത്തിന് സമർപ്പിക്കുന്നത്. കമ്മീഷനിംഗിന്റെ മുന്നൊരുക്കങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ വിഴിഞ്ഞത്ത് ഇന്നലെ വൈകിട്ട് നേരിട്ടെത്തി വിലയിരുത്തി.

✪✪✪

ഈ വർഷത്തെ NEET- UG പരീക്ഷയുമായി ബന്ധപ്പെട്ട പരാതികൾ ഉന്നയിക്കാൻ ദേശീയ പരീക്ഷാ ഏജൻസി പ്രത്യേക പ്ലാറ്റ്ഫോം ആരംഭിച്ചു. പരീക്ഷ സംബന്ധിച്ച പരാതികളും ആശങ്കകളും അടുത്ത മാസം 4 ന് വൈകിട്ട് അഞ്ച് വരെ ഔദ്യോഗിക വെബ്സൈറ്റിൽ റിപ്പോർട്ട് ചെയ്യാമെന്ന് ദേശീയ പരീക്ഷാ ഏജൻസി അറിയിച്ചു.

✪✪✪

വെള്ളിയാഴ്ച അന്തരിച്ച ISRO മുൻ ചെയർമാൻ ഡോ.K കസ്തൂരിരംഗന്റെ സംസ്കാരം ഇന്ന്. ബംഗളുരു സദാശിവനഗർ, രാമൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ രാവിലെ പത്തിന് ഭൗതികശരീരം പൊതുദർശനത്തിന് വെയ്ക്കും. ഉച്ചയ്ക്ക് ഹെബ്ബാൾ ശ്മശാനത്തിലാണ് സംസ്കാരം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലെ പ്രതിമാസ മൻ കി ബാത് പരിപാടിയിൽ രാവിലെ 11-ന് ജനങ്ങളുമായി ചിന്തകൾ പങ്കുവെയ്ക്കും. മൻ കി ബാതിന്റെ 121 -ാം പതിപ്പാണിത്. ആകാശവാണി-ദൂരദർശൻ ശൃംഖലയിലും, AIR ന്യൂസ് വെബ്സൈറ്റിലും, News on AIR മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാണ്. AIR News, DD News, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ you tube ചാനലുകളിലും മൻ കി ബാത് കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിനു ശേഷം കേരള നിലയങ്ങൾ മലയാള പരിഭാഷ പ്രക്ഷേപണം ചെയ്യും.

✪✪✪

BJP സംസ്ഥാന  പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പങ്കെടുക്കുന്ന കോഴിക്കോട് സിറ്റി ജില്ലാ വികസിത കേരളം കൺവെൻഷനും, ജില്ലാ നേതൃയോഗവും വൈകിട്ട് നടത്തും.    ശ്രീകണ്ഠേശ്വരം ശ്രീനാരായണ സെന്റിനറി ഹാളിലാണ് കൺവെൻഷൻ. തുടർന്ന്  ജില്ലാ നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും. മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ, സംസ്ഥാന ജനറൽ സെക്രട്ടറി M.T.രമേശ് തുടങ്ങിയവരും  കൺവെൻഷനിൽ  പങ്കെടുക്കും.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ പൊലിഞ്ഞവർക്ക് BJP പ്രവർത്തകർ കോഴിക്കോട്ട് ശ്രദ്ധാഞ്ജലി അർപ്പിച്ചു.  മാനാഞ്ചിറക്ക് സമീപം സംഘടിപ്പിച്ച ചടങ്ങിൽ BJP സംസ്ഥാന പ്രസിഡണ്ട്  രാജീവ് ചന്ദ്രശേഖർ പങ്കെടുത്തു.

ഇന്നലെ   മദർ ഓഫ് ഗോഡ് കത്തീഡ്രൽ ചർച്ച് സന്ദർശിച്ച രാജീവ് ചന്ദ്രശേഖർ, ഫ്രാൻസിസ് മാർപാപ്പയുടെ ഛായാചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തി മെഴുകുതിരി തെളിയിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റുമാരായ A.N. രാധാകൃഷ്ണൻ, P. രഘുനാഥ്, സംസ്ഥാന സെക്രട്ടറി S. സുരേഷ്, ജില്ലാ പ്രസിഡന്റ്  KP പ്രകാശ് ബാബു തുടങ്ങിയവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

✪✪✪

ഭീകരാക്രമണങ്ങളെ ഒറ്റക്കെട്ടായി നേരിടണമെന്ന്  യൂത്ത് ലീഗ് സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ  യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി  കോഴിക്കോട്ട്  സംഘടിപ്പിച്ച ഭീകര വിരുദ്ധ സായാഹ്നം ഉദ്ഘാടനം ചെയ്യുകയായിരുന്നു  അദ്ദേഹം.  പഹൽഗാമിൽ  നിരപരാധികളെ കൊലപ്പെടുത്തിയ ഭീകരരെ കണ്ടെത്തി പരമാവധി ശിക്ഷ നൽകണമെന്നും തങ്ങൾ ആവശ്യപ്പെട്ടു.

✪✪✪

ഭീകരവാദത്തോട് സന്ധിയില്ലാ പോരാട്ടം വേണമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. ഇക്കാര്യത്തിൽ ഇന്ത്യ മുന്നണി കേന്ദ്രഗവൺമെന്റിന് ഒപ്പമാണെന്ന് അദ്ദേഹം കൊച്ചിയിൽ  വ്യക്തമാക്കി.

പഹൽഗാം ഭീകരാക്രമണത്തിൽ മരിച്ച N. രാമചന്ദ്രന്റെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു വേണുഗോപാൽ.

✪✪✪

ശ്രീലങ്കയിൽ വനിതാ ത്രിരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിന് ഇന്ത്യ ഇന്നിറങ്ങും.  ഹർമൻ പ്രീത് കൗറിന്റെ നേതൃത്വത്തിൽ ശ്രീലങ്കൻ ടീമിനെയാണ് ഇന്ത്യ നേരിടുന്നത്.

ദക്ഷിണാഫ്രിക്കയാണ് പരമ്പരയിൽ പങ്കെടുക്കുന്ന മൂന്നാമത്തെ ടീം.

✪✪✪

സൂപ്പർകപ്പ് ഫുട്ബോളിൽ ഗോവ FC സെമി ഫൈനലിൽ. ക്വാർട്ടറിൽ പഞ്ചാബ് ഫുട്ബോൾ ക്ലബിനെ ഒന്നിനെതിരെ രണ്ട് ഗോളിനാണ് അവർ തോൽപ്പിച്ചത്. ഭുവനേശ്വർ കലിംഗ സ്റ്റേഡിയത്തിലെ ജയത്തോടെ ഗോവ FC  സെമിയിലെത്തി. അടുത്ത ബുധനാഴ്ച സെമിയിൽ അവർ മോഹൻ ബഗാൻ സൂപ്പർ ജയന്റിനെ നേരിടും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ കൊൽക്കത്തയിലെ മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചതോടെ കൊൽക്കത്ത നൈറ്റ്റൈഡേഴ്സും, പഞ്ചാബ് കിംഗ്സും പോയിന്റ് പങ്കുവെച്ചു.

ഇന്ന് മുംബൈ ഇന്ത്യൻസ്, ലക്നൗ സൂപ്പർ ജയന്റ്സിനെ ഉച്ചകഴിഞ്ഞ് മൂന്നരയ്ക്ക് മുംബൈയിൽ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഡൽഹി ക്യാപിറ്റൽസ്, ബംഗളൂരു റോയൽ ചലഞ്ചേഴ്സിനെ ഡൽഹിയിലും നേരിടും.

✪✪✪

തൊഴിൽ അന്വേഷകരെ തേടിപ്പോകുന്ന ഗവണ്മെന്റ് വിജ്ഞാന കേരളത്തിലൂടെ കേരളത്തിന്റെ വികസന മാതൃകകളിൽ പുതിയൊരു അധ്യായത്തിന് തുടക്കം കുറിക്കുകയാണെന്ന് മന്ത്രി K. രാജൻ പറഞ്ഞു. വിജ്ഞാന കേരളം തൊഴിൽ പൂരത്തിന്റെ ഭാഗമായി തൃശ്ശൂർ ഗവ.എഞ്ചിനീയറിങ് കോളേജിലും വിമലാ കോളേജിലുമായി സംഘടിപ്പിച്ച മെഗാ ജോബ് ഫെയർ സന്ദർശിക്കുകയായിരുന്നു മന്ത്രി.

✪✪✪

ലോക വെറ്ററിനറി ദിനാഘോഷങ്ങൾ മന്ത്രി J ചിഞ്ചുറാണി കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്തു. സൈബർ സംവിധാനത്തിലൂടെ മൃഗചികിത്സ ഏകോപിപ്പിക്കുന്ന ‘ E - സമൃദ്ധ’ പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളെയും നവീകരിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

രഞ്ജിനി സംഗീത സഭയുടെ സുവർണ്ണ ജൂബിലി ആഘോഷം മന്ത്രി V N വാസവൻ വൈകിട്ട് കോട്ടയം ചിൽഡ്രൻസ് ലൈബ്രറി ഹാളിൽ ഉദ്ഘാടനം ചെയ്യും. കമലാ ദീപ്തി അവതരിപ്പിക്കുന്ന സംഗീത സദസ്സും തുടർന്ന് ഉണ്ടായിരിക്കും.

✪✪✪

'വിവരാവകാശ നിയമം മനുഷ്യാവകാശ സംരക്ഷണത്തിന്" എന്ന കാമ്പയിനിന് ഇന്ന് ചാലക്കുടിയിൽ തുടക്കമാകും. ഒരു വർഷം നീളുന്ന കാമ്പയിൻ സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൽ ഹക്കീം ഉദ്ഘാടനം ചെയ്യും. തുടർന്ന് സെമിനാറിൽ എറണാകുളം ജില്ലാ ഉപഭോക്തൃ കോടതി പ്രസിഡണ്ട് D.B ബിനു, വിവരാവകാശ നിയമത്തിന്റെ വിശാല തലങ്ങൾ അവതരിപ്പിക്കും. സംസ്ഥാന മനുഷ്യാവകാശ സംരക്ഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് കാമ്പയിൻ.

✪✪✪

കൊച്ചിയിൽ ഹൈബ്രിഡ് കഞ്ചാവുമായി രണ്ട് ചലച്ചിത്ര സംവിധായകർ പിടിയിലായി. ഖാലിദ് റഹ്മാൻ, അഷ്റഫ് ഹംസ എന്നിവരാണ് ഒന്നര ഗ്രാമിലേറെ ഹൈബ്രിഡ് കഞ്ചാവുമായി ഇന്നലെ രാത്രി എക്സൈസിന്റെ പിടിയിലായത്. കൂടെയുണ്ടായിരുന്ന സുഹൃത്തിനെയും കസ്റ്റഡിയിലെടുത്തു. മറൈൻഡ്രൈവിലെ ഫ്ലാറ്റിൽ നിന്നാണ് കഞ്ചാവ് കണ്ടെത്തിയത്. ഇവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.

✪✪✪

ആകാശവാണി പ്രാദേശിക വാർത്തകൾ ഇന്ന് മുതൽ തിരുവനന്തപുരം വിവിധ് ഭാരതി അനന്തപുരി FM ലും ലഭ്യമാകും. രാവിലെ 6.45 നും വൈകിട്ട് 6.30 നും പ്രക്ഷേപണം ചെയ്യുന്ന വാർത്തകൾ അനന്തപുരിയിൽ ലഭിക്കും.

✪✪✪

കാസർകോട്ട് എന്റെ കേരളം പ്രദർശന വിപണന മേള ഇന്ന് സമാപിക്കും. വൈകിട്ട് മന്ത്രി AK ശശീന്ദ്രൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രദർശന വിപണനമേളയുടെ ഭാഗമായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് സമാപന ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

വയനാടിന്റെ തനിമയും പെരുമയും ഉയർത്തിക്കാട്ടാൻ സംസ്ഥാന വിനോദ സഞ്ചാര വകുപ്പ് മാനന്തവാടിയിൽ ഇന്ന് സംഗീതവിരുന്ന് സംഘടിപ്പിക്കും.

വൈകിട്ട് വള്ളിയൂർക്കാവ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ സ്റ്റീഫൻ ദേവസി, ശിവമണി, ഹരിചരൺ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

സംസ്ഥാന ലൈബ്രറി കൗൺസിൽ കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജിൽ സംഘടിപ്പിച്ച അഖില കേരള വായനോത്സവം ഇന്ന് സമാപിക്കും. രാവിലെ സംവാദത്തിൽ കഥാകൃത്ത് T പത്മനാഭൻ പങ്കെടുക്കും. തുടർന്ന് സന്തോഷ് ഏച്ചിക്കാനം, R. രാജശ്രീ V.T മുരളി എന്നിവർ പങ്കെടുക്കുന്ന സർഗ്ഗസംവാദവും ഉണ്ടാവും. ഉച്ചകഴിഞ്ഞ് സമാപന സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. നോവലിസ്റ്റ് M മുകുന്ദൻ മുഖ്യപ്രഭാഷണം നടത്തും.

✪✪✪

കണ്ണൂർ ജില്ലയിലെ മലയോര മേഖലയിൽ ഇന്നലെ വൈകിട്ട് കനത്ത മഴയിലും, കാറ്റിലും വൻ നാശനഷ്ടം ഉണ്ടായി. ചെറുപുഴ, തേർത്തല്ലി, കടുമേനി ഭാഗങ്ങളിലാണ് അതിശക്തമായ മഴയും കാറ്റും ഉണ്ടായത്.

കൊല്ലത്തും ശക്തമായ മഴയും കാറ്റും ഉണ്ടായി. എഴുകോൺ ചീരങ്കാവിൽ മരം വീണ് കൊല്ലം- ചെങ്കോട്ട ദേശീയ പാതയിൽ ഒരു മണിക്കൂറോളം ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

കാസർകോട് സർക്കിൾ സഹകരണ യൂണിയൻ തെരഞ്ഞെടുപ്പ് മെയ് മൂന്നിനും, ഹൊസ്ദുർഗിലെ തിരഞ്ഞെടുപ്പ് നാലിനും നടത്തും. കാസർകോട്ട്, മുൻസിപ്പൽ കോൺഫറൻസ് ഹാളിലും, ഹൊസ്ദുർഗിൽ യുണൈറ്റഡ് ബാസൽ മിഷൻ ചർച്ച് ALP സ്കൂളിലുമാണ് തെരഞ്ഞെടുപ്പ്.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: നിഷിത കുമാരി, നിമിഷ ജി*
*DEO : ഷീബ*